(ഡി) 2002-03 വർഷം കേന്ദ്ര സർക്കാരിൽനിന്നും താഴെ പറയുന്ന ഇനങ്ങൾക്കായി 29,49,973 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്:

	ഇനം		രൂപ (ലക്ഷത്തിൽ)
1.	എണ്ണക്കുരു വികസന പദ്ധതി	..	25.00
2.	എണ്ണപ്പന വികസന പദ്ധതി	..	5.00
3.	പയറു വികസന പദ്ധതി	..	4.00
4.	ചെറുകിട നാളികേര കൃഷി സംയോജിത പദ്ധതി	..	492.65
5.	കാർഷിക വൃത്തിയിൽ സ്ത്രീ പങ്കാളിത്തം	..	12.20
6.	ഹോർട്ടികൾച്ചറൽ മേഖലയിൽ മനുഷ്യശേഷി വികസനം	..	2.00
7.	ബയോഗ്യാസ് വികസന പദ്ധതി	..	9.128
8.	മാക്രോമാനേജ്മെന്റ് പദ്ധതികൾക്കായി മൊത്തം	..	2400.00

(നെൽകൃഷി വികസനം, കുരുമുളക് വികസനം, മറ്റ് സുഗന്ധ വ്യഞ്ജന വികസനം, കശുമാവ് വികസനം, പച്ചക്കറി വികസനം,ഫലവർഗ്ഗ വികസനം, കാർഷിക വിജ്ഞാന വ്യാപനവും പരിശീലനവും, കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം, സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലീനിക്, ബയോടെക്നോളജി, കാർഷിക മേഖലയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം, ദേശീയ നീർമറി വികസന പരിപാടി, ഔഷധ സസ്യ കൃഷി പരിപാടി)

പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത

62 [4789] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ കെ. എ. ചന്ദ്രൻ:
„ സി. പി. മുഹമ്മദ്:
„ എം. എ. ചന്ദ്രശേഖരൻ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത എത്രയാണ്;

(ബി) സ്വന്തം വീടുകളിൽ നടത്തുന്ന പച്ചക്കറി കൃഷിയുടെ പ്രോൽസാഹനാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) പച്ചക്കറി വിത്തുകളും തൈകളും വളവും വിതരണം ചെയ്യാൻ എന്തെല്ലാം പദ്ധതികളുണ്ട് എന്നു വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത 10—15 ടൺ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വന്തം വീടുകളിൽ നടത്തുന്ന പച്ചക്കറിയുടെ പ്രോൽസാഹനാർത്ഥം 2002-03 വർഷത്തിൽ 5 ഇനം പച്ചക്കറിവിത്തുകളും 10 കിലോ ജൈവ വളവും അടങ്ങുന്ന 25 രൂപ വില വരുന്ന 2,79,408 പച്ചക്കറിവിത്തു കിറ്റുകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 2003-04-ലെ പദ്ധതിയിലും പ്രസ്തുത ഘടകം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പച്ചക്കറി വിത്തുകിറ്റു വിതരണ പരിപാടിയിൽ അഞ്ച് ഇനം പച്ചക്കറി വിത്തുകളടങ്ങുന്ന 25 രൂപ വില വരുന്ന കിറ്റുകൾ കർഷകർക്ക് വിതരണം നടത്തുന്നു. കൂടാതെ, വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ട നിർമ്മാണത്തിനായി വിത്ത്, വളം എന്നിവ വാങ്ങുന്നതിന് 1000 രൂപ നൽകിവരുന്നു.

ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ വഴി വിറ്റഴിക്കുന്ന പച്ചക്കറികൾ

63 [4790] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ഡി. സുഗതൻ:
,, ഇ. എം. അഗസ്തി:
,, വി. ഡി. സതീശൻ:
,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾവഴി വിറ്റഴിക്കുന്ന പച്ചക്കറികൾ എവിടെ നിന്നാണ് സംഭരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പച്ചക്കറി കർഷകരിൽനിന്നും പച്ചക്കറിയുൽപ്പാദക സഹകരണ സംഘങ്ങളിൽനിന്നും പച്ചക്കറി സംഭരിച്ച് ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾവഴി വിതരണം നടത്താറുണ്ടോ;

(സി) 2003 ഏപ്രിലിൽ ലോറിസമരം വന്നപ്പോൾ കർഷകരിൽനിന്നും പച്ചക്കറി ഉൽപ്പാദക സംഘങ്ങളിൽനിന്നും എത്ര പച്ചക്കറി സംഭരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ഇനത്തിൽപ്പെട്ട പച്ചക്കറികളാണ് സംഭരിച്ചത്;

(ഇ) ഏതെല്ലാം സംഘങ്ങളിൽനിന്ന് എന്തു തുകയ്ക്കുള്ള പച്ചക്കറിയാണ് ഈ സമയം സംഭരിച്ചത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ കർഷകരും കർഷക സമിതികളും വിശേഷിച്ച് വി.എഫ്. പി. ഡി.കെ.-യുടെ കീഴിലുള്ള കർഷക സമിതികൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടി കോർപ്പ് വാങ്ങുന്നുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്തതും സുലഭമല്ലാത്തതുമായ പച്ചക്കറികൾക്ക് അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly